**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3304.**

**24.02.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

# അനധികൃത കെട്ടിടനിർമ്മാണത്തിന് ചട്ടവിരുദ്ധ സഹായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീ.രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ചാലക്കുടി മുനിസിപ്പാലിറ്റി ടൗൺഹാൾ നിർമ്മാണത്തിനായി ഫണ്ട് നൽകിയവർക്ക് അനധികൃത കെട്ടിടനിർമ്മാണത്തിന്ചട്ടവിരുദ്ധമായി സഹായം ചെയ്യുന്ന എന്ന പരാതിയിന്മേൽ തൃശ്ശൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂരിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>(ബി)<br>(സി) | ഈ ആരോപണത്തിന്മേൽ ശ്രീ. ബാബു ജോസഫ് പുത്തനങ്ങാടി ബഹു.തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയിൽ സി.എം.പി 332/2015 നമ്പരായി ഫയൽ ചെയ്ത ഹർജിയിന്മേൽ ബഹുമാനപ്പെട്ട കോടതിയുടെ 28.02.2015-ലെ ഉത്തരവു പ്രകാരം, QV 28/15/TSR എന്ന നമ്പരായി തൃശ്ശൂർ വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഒരു ത്വരിതാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും, താഴെ പറയുന്ന ശുപാർശകൾ സഹിതം റിപ്പോർട്ട് 8.12.2015-ന് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിക്കുകയും ചെയ്തു.<br>1 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നേരിട്ട് ടൗൺഹാൾ നിർമ്മാണ സ്ഥലം സന്ദർശിച്ച് ഉചിതമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.<br>2) ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്, ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഒരു ടീം ഉണ്ടാക്കി അന്യായത്തിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ പരിശോധന നടത്തി (ജില്ലാ ടൗൺ പ്ലാനർ പരിശോധിച്ചതൊഴികെ) ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>3) DTP Scheme അനുസരിച്ച് നിരവധി അവ്യക്തത നിലനിൽക്കുന്നതിനാൽ എത്രയും വേഗം വിശാലമായ സർവ്വെ നടത്തി മേഖലകൾ തരംതിരിച്ച് ഒരു പുതിയ സ്കീം ഉണ്ടാക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.<br>4) ചാലക്കുടി മുനിസിപ്പാലിറ്റി മുൻ സെക്രട്ടറി ശ്രീ.സതീശൻ, നിലവിലെ സെക്രട്ടറി ശ്രീ.പി.കെ.സജീവ്, മുൻസിപ്പൽ എഞ്ചിനീയർ ശ്രീമതി.ഷീജ എന്നിവർക്കെതിരെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കാത്തതിന് കർശന വകുപ്പുതല നടപടി കൈക്കൊള്ളേണ്ടതാണ്.<br>5) ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ.നന്ദകുമാറിനെതിരെയും വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണ്.<br>റിപ്പോർട്ടിന്മേൽ ബഹുമാനപ്പെട്ട കോടതിയുടെ അന്തിമ തീരുമാനം ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത റിപ്പോർട്ടിൽ, കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ